**ഭരണഭാഷ – മാതൃഭാഷ**

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ:LSGD/PD/31684/2025-GEA3 തീയതി: 05-11-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -കോഴിക്കോട് ജില്ല-ശ്രീമതി.രാജശ്രീ.ആർ, സീനിയർക്ലർക്ക് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:

1. തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ്ഡയറക്ടറുടെ 08.10.2025 തീയതിയിലെ LSGD/JD/KKD/8902/2025- E5 നമ്പർ കത്ത്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.03.2025-ലെ LSGD/PD/41545/2025- GEA3 നമ്പർ ഉത്തരവ്.
3. 10.03.2017 തീയതിയിലെ സ.ഉ(കൈ) 54/17/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്
4. 30.03.2017 തീയതിയിലെ ജി.ഒ (എം.എസ്) നം.73/2017/ത.സ്വ.ഭ.വ ഉത്തരവ്.
5. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 01.11.2019 തീയതിയിലെ ഇ6.8802/2017 നമ്പർ ഉത്തരവ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ മുനിസിപ്പൽകോമൺ സർവ്വീസിലെ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.രാജശ്രീയെ സൂചന(2) സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സൂചന(1) പ്രകാരം കോഴിക്കോട് ജില്ലാ ജോയിൻറ് ഡയറക്ടർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി.രാജശ്രീ ആർ കോഴിക്കോട് വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും സൂചന(3) ഉത്തരവ് പ്രകാരം കോഴിക്കോട് വികസനസമിതി നിർത്തലാക്കിയ സാഹചര്യത്തിൽ സൂചന(4)(5) ഉത്തരവിലൂടെ കോഴിക്കോട് നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിലേക്ക് പുനർവിന്യസിക്കുകയുമുണ്ടായി. മേൽ സാഹചര്യത്തിൽ ശ്രീമതി.രാജശ്രീയെ മുനിസിപ്പൽകോമൺ സർവ്വീസിലേക്ക് പുനർവിന്യസിച്ച 31.03.2017-തീയതി പ്രാബല്യത്തിൽ സൂചന(2) സീനിയോരിറ്റി പട്ടികയിൽ ക്രമനം.262 ശ്രീമതി.ഷൈറയ്ക്കും ക്രമനം.263 ശ്രീമതി.ജിജി-യ്ക്കും ഇടയിൽ ക്രമനം.262 എ ആയി ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്കാലിക തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ ടി ആക്ഷേപം ഈ നോട്ടീസ് തീയതി മുതൽ 15-ദിവസത്തിനകം മതിയായ രേഖകൾ സഹിതം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപങ്ങളൊന്നും ലഭ്യമാകാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ പ്രസ്തുത താത്കാലിക തീരുമാനം അന്തിമമാക്കുന്നതാണ്.

Prasannakumar V D
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി,

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി.രാജശ്രീ(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സീനിയർ സൂപ്രണ്ട്,IE-സെക്ഷൻ
5. കരുതൽ/അധികം

**Signed by Prasannakumar. V. D**
**Date: 05-11-2025 11:58:32**